**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**7.02.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *191

**സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനായി നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.ഐ.ബി. സതീഷ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) & (ബി) | വ്യവസായത്തിന് അനുകൂലമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതുവഴി കൂടുതൽ നിക്ഷേപവും, തൊഴിൽ അവസരങ്ങൾക്കും സംസ്ഥാനത്ത് വഴിയൊരുക്കുക എന്ന ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ട് പോകുകയാണ്.<br><br>രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ സാംസ്കാരിക മേഖലയിൽ ബഹുദൂരം മുന്നിലാണെങ്കിലും വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷിക്കുന്നതിൽ വേണ്ടത്ര പുരോഗതി ഉണ്ടായിരുന്നില്ല. ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പഠനം നടത്തുകയും, ആയതിൻപ്രകാരം നിലവിലുള്ള ഏഴ് നിയമങ്ങൾ ലഘൂകരിച്ചും, പരിഷ്കരിച്ചുംകൊണ്ട് "കേരള ഇൻവെസ്റ്റ്മെൻറ് പ്രോമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ നിലവിലുള്ള പത്ത് ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട |
| (ബി) | പുതിയ സംരംഭം തുടങ്ങാനുള്ള നടപടിക്രമങ്ങൾ സത്വരമായി പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ ( സ്വയം സാക്ഷ്യപ്പെടുത്തൽ) ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.<br><br>സംസ്ഥാനത്ത് ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (KSWIFT) പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം കാലതാമസം ഇല്ലാതെ ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം (KSWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ (KSWIFT) പൂർണ്ണ രൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് 11.02.2019 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. |
| (സി) | സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിൻ മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ. പി. എഫ്. സി) സംസ്ഥാന തലത്തിലും |

| | | |
|---|---|---|
| | | ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. ഇവർക്ക് ആവശ്യമായ പരിശീലനം നൽകികഴിഞ്ഞു.<br><br>ഈ സെൽ സംരംഭകർക്കാവശ്യമായ എല്ലാ വിധ സഹായങ്ങളും പിന്തുണയും ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനും ക്ലിയറൻസ് / റിന്യൂവൽ സംബന്ധിയായ എല്ലാ കാര്യങ്ങൾക്കും ത്വരിത പരിഹാരം നൽകുന്നതിനാണ് ഈ സെൽ. |
| (ഡി) സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമെന്ന് വിലയിരുത്തുന്ന ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (ഡി) | ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സംരഭകത്വ സഹായ പദ്ധതി<br>• പശ്ചാത്തല വികസന പദ്ധതികൾ<br>• ഇ.ഡി ക്ലബ്<br>• ഇൻകുബേഷൻ സെന്ററുകൾ<br>• ക്ലസ്റ്റർ ഡെവലപ്പ്മെന്റ്പ്രോഗ്രാം<br>• കരകൗശല മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി (ആഷ പദ്ധതി)<br><br>മേൽ പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സിയുടേയും, കെ.എസ്.ഐ.ഡി.സി യുടെയും കിൻഫ്രയുടെയും വ്യവസായ പാർക്ക്/ ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ |

| | | |
|---|---|---|
| | | ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ്, വിദ്യഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.<br><br>നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ,സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം ഊർജിത വ്യവസായ വൽക്കരണ പദ്ധതി തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് /മുനിസിപ്പാലിറ്റി/ ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**